മാധ്യമം ● ഞായർ ● 17 ജൂൺ 2018 ● ലക്കം 1568

# വാരാദ്യ മാധ്യമം

varadyam@madhyamam.in

**ഇന്ത്യ എന്തുകൊണ്ട് ലോകകപ്പ് കളിക്കുന്നില്ല  എന്ന ചോദ്യത്തിന് ഉത്തരം തേടുന്നവർ തുടർന്ന് വായിക്കുക**



# നക്ഷത്രങ്ങളുടെ നാട്ടിൽ വിരുന്നുപോയവർ

കെ. റുമൈസ്, ആഷിഖ് കുരുണിയൻ, ജിഷ്ണു ബാലകൃഷ്ണൻ, പി. ഷമീൽ

● ചിത്രം: മുസ്തഫ അബൂബക്കർ

കെ.പി.എം റിയാസ്

പന്തിന് പിന്നാലെ ലോകം ഓട്ടം തുടങ്ങിയിരിക്കുന്നു. പതിവുപോലെ ഇന്ത്യക്കാർ ബ്രസീലിനോ അർജൻറീനക്കോ സ്പെയിനിനോ ഇംഗ്ലണ്ടിനോ ജർമനിക്കോ വേണ്ടി കൈയടിക്കുകയാണ്. സ്വന്തം ടീം ലോകകപ്പിൽ കളിക്കുന്നത് കാണാൻ അടുത്ത കാലത്തൊന്നും കഴിയുമെന്ന പ്രതീക്ഷ ആർക്കുമില്ല. ലോക ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന രാജ്യം സമ്പദ് സമൃദ്ധിയിൽ ഒട്ടും പിറകിലല്ല. എന്നിട്ടും ഫുട്ബാളിൽ മേൽവിലാസമുണ്ടാക്കാൻ പറ്റാത്തത് എന്തുകൊണ്ടെന്ന ചോദ്യം ഉയരുന്നു. വിവിധ കാലങ്ങളിൽ മലപ്പുറം എം.എസ്.പി ഹയർ സെക്കൻഡറി സ്കൂളിൽ പഠിച്ച നാലുപേർ, ലോകോത്തര ക്ലബുകളിൽ പരിശീലനം നടത്താൻ അവസരം ലഭിച്ചവർ. ഇന്ത്യൻ ദേശീയ സീനിയർ ഫുട്ബാൾ താരം ആഷിഖ് കുരുണിയൻ സ്പെയിനിലും കേരള ബ്ലാസ്റ്റേഴ്സിൻെറ ജിഷ്ണു ബാലകൃഷ്ണൻ അർജൻറീനയിലും പോയി. ജൂനിയർ ഇന്ത്യൻ താരങ്ങളായിരുന്ന കെ. റുമൈസിന് ജർമനിയിലും പി. ഷമീലിന് ഇംഗ്ലണ്ടിലുമായിരുന്നു അവസരം. ഈ രാജ്യങ്ങളിലെ ഫുട്ബാൾ ഇന്ത്യയിൽനിന്ന് എത്ര വ്യത്യസ്തമാണെന്ന് ഇവരുടെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

## സ്പെയിൻ / വിയ്യാ റയലിൽനിന്ന് ആഷിഖ്

### 16 സ്റ്റേഡിയങ്ങളും അണ്ടർ 5 കാറ്റഗറി മുതൽ ടീമുകളും സ്പെയിനിലെ ഒരു അക്കാദമിക്ക് മാത്രമുണ്ട്

2016ൽ ഐ.എസ്.എൽ ടീമായ എഫ്.സി പുണെ സിറ്റിക്ക് മുന്നിൽ സ്പെയിനിലെ വിയ്യാ റയൽ ക്ലബ് ഒരു ഓഫർ വെച്ചു. ഏതെങ്കിലുമൊരു താരത്തെ ട്രയൽസ് കം ട്രെയിനിങ്ങിൽ പങ്കെടുപ്പിക്കാം. ഉയർന്നുവന്നത് അണ്ടർ 19 ഇന്ത്യൻ ടീം അംഗം കൂടിയായ പുതുമുഖ മിഡ്ഫീൽഡർ ആഷിഖ് കുരുണിയൻെറ പേര്. ആഷിഖ് അവിടെയെത്തിയത് സ്പാനിഷ് പത്രങ്ങളുടെ കായിക പേജുകളിൽ വലിയ വാർത്തയായിരുന്നു.  പരിശീലന മത്സരത്തിൽ ഗോളോടെ തുടങ്ങി പരിശീലകരുടെ മനം കവർന്ന മിടുക്കൻ.

സ്പെയിനിലെയും ഇന്ത്യയിലെയും ഫുട്ബാൾ തീർത്തും വ്യത്യസ്തമാണെന്നാണ് ആഷിഖ് പറയുന്നത്. വേഗവും കടുപ്പമുള്ളതുമാണ് അവിടത്തെ കളി. ശാരീരികമായി ഇന്ത്യക്കാരേക്കാൾ കരുത്തർ. അണ്ടർ 5 കാറ്റഗറി മുതൽ ടീമുകളുണ്ട് വിയ്യാ റയലിന്. ഇതിനനുസരിച്ച് മൈതാനങ്ങളുടെയും പന്തുകളുടെയും വലുപ്പത്തിൽ വരെ വ്യത്യാസമുണ്ടാവും. വിയ്യാ റയലിന് മാത്രം 16 സ്റ്റേഡിയങ്ങളുണ്ട്. ആഴ്ചയിൽ നാല് ദിവസവും കുട്ടികൾക്ക് പരിശീലനം. ശനിയാഴ്ചകളിൽ ഏതെങ്കിലും ടീമുമായി മത്സരവും. നമുക്ക് മാസത്തിലൊരു കളി പോലും ഇല്ലാത്ത അവസ്ഥ. മത്സരപരിചയം പ്രധാനമാണ്. പിന്നെങ്ങനെ ഇവിടെ ഫുട്ബാൾ വളരുമെന്ന് ആഷിഖ്.

വിയ്യാ റയലിൽ ഇതര രാജ്യക്കാരുമുണ്ട്. രാത്രിയായിരുന്നു ആഷിഖിന് പരിശീലനം. ഓരോ ദിവസവും പുതിയ അനുഭവങ്ങളായിരുന്നു. വിയ്യാ റയലിൻെറ ബ്രസീലിയൻ സൂപ്പർ താരം അലക്സാൻഡ്രേ പാറ്റോ ഉൾപ്പെടെയുള്ളവരുടെ പരിശീലനം കണ്ടു. തദ്ദേശീയ താരങ്ങളെ സാക്ഷിയാക്കി മാനേജ്മെൻറ് നൈജീരിയൻ ക്ലബായ റിവേഴ്സ് യുനൈറ്റഡ് എഫ്.സിയുമായി നടന്ന അന്താരാഷ്ട്ര സൗഹൃദ മത്സരത്തിൽ വിയ്യാ റയൽ സി ടീമിൻെറ ക്യാപ്റ്റൻസി ആഷിഖിനെ ഏൽപിച്ചത് അഭിമാന നിമിഷം.

ജീവിതത്തിൽ ഇന്നോളം കേട്ടിട്ടുപോലുമില്ലാത്ത ഭക്ഷണങ്ങളുടെ രുചിയറിഞ്ഞു. രണ്ടര മാസമായിരുന്നു പരിശീലനം. ഒരു വർഷംകൂടി തുടരാൻ അവസരം ലഭിച്ചെങ്കിലും പരിക്ക് കാരണം മതിയാക്കി മടങ്ങുകയായിരുന്നു. ബാഴ്സലോണക്കെതിരായ വിയ്യാ റയലിൻെറ സ്പാനിഷ് ലാലീഗ മത്സരം നേരിട്ട് കണ്ടു. മെസ്സി, നെയ്മർ, സുവാരസ് ഉൾപ്പെടെ പ്രിയ താരങ്ങൾ തൊട്ടടുത്ത്. വിയ്യാ റയൽ താരങ്ങൾക്കൊപ്പമായിരുന്നു താമസവും ഭക്ഷണവും. അവരെ കൗതുകത്തോടെ നോക്കിയിരുന്നതായി 20കാരൻ. ഈയിടെ മുംബൈയിൽ സമാപിച്ച ചതുർരാഷ്ട്ര ഇൻറർ കോണ്ടിനെൻറൽ ടൂർണമെൻറിലായിരുന്നു ആഷിഖിൻെറ ഇന്ത്യൻ അരങ്ങേറ്റം. ആദ്യ ടൂർണമെൻറിൽത്തന്നെ കിരീടവും ലഭിച്ചു. പാണക്കാട് പട്ടർക്കടവിലെ കുരുണിയൻ അസൈൻ -ഖദീജ ദമ്പതികളുടെ മകനാണ് ആഷിഖ്.

## അർജൻറീന / ജിഷ്ണുവിൻെറ ബോക ജൂനിയേഴ്സ്

### എണ്ണയിൽ പാകം ചെയ്തവ അകറ്റിനിർത്തുന്നതാണ് അർജൻറീനക്കാരുടെ ആരോഗ്യത്തിൻെറ പ്രധാന രഹസ്യം

"അർജൻറീനക്കാർ ജനിക്കുന്നതുതന്നെ ഫുട്ബാൾ കളിക്കാനാണെന്ന് തോന്നും. മരണംവരെ ജീവിതത്തിൻെറ എല്ലാ ഘട്ടത്തിലും അവർ പന്തിനൊപ്പമാണ്. ഗ്രൗണ്ടിലൊരു കടലാസ് കിടക്കുന്നത് കണ്ടാൽപ്പോലും സഹിക്കില്ല. നാട്ടിലെവിടെയെങ്കിലും മത്സരമുണ്ടെങ്കിൽ പിന്നെ ആ ദിവസം മറ്റൊരു പരിപാടിക്കും പോകില്ല. ഇങ്ങനെയൊരു രാജ്യത്തുനിന്ന് മറഡോണയും മെസ്സിയുമൊക്കെ വളർന്നുവന്നില്ലെങ്കിലേ അദ്ഭുതമുള്ളൂ" – കേരള ബ്ലാസ്റ്റേഴ്സിൻെറ മധ്യനിരക്കാരൻ ജിഷ്ണു ബാലകൃഷ്ണൻ പറയുന്നു.

2014  ജൂലൈ അവസാനം അർജൻറീനയിലേക്ക് പറന്ന ജിഷ്ണു പ്രീമിയർ ഡിവിഷൻ ടീമായ ക്ലബ് അത്‍ലറ്റിക്കോ ബോക ജൂനിയേഴ്സിൻെറ 12 ദിവസത്തെ ക്യാമ്പിൽ പങ്കെടുത്താണ് മടങ്ങിയത്.

ലോകോത്തര നിലവാരത്തിലുള്ള ബ്വേനസ് എയ്റിസിലെ ക്ലബിൽ ഏതാനും ദിവസങ്ങളേ ചെലവഴിക്കാനായുള്ളൂവെങ്കിലും അനുഭവസമ്പന്നമായിരുന്നു. മരം കോച്ചുന്ന തണുപ്പിനെ വകവെക്കാതെ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവുമായി നാല് മണിക്കൂർ പരിശീലനം. അർജൻറീനക്കാരനായ ഓസ്കാറായിരുന്നു പ്രധാന പരിശീലകൻ. ഇദ്ദേഹമടക്കം നാലുപേർ കളിപാഠങ്ങൾ പകർന്നുനൽകി. ശാരീരികക്ഷമതയും വേഗവുമാണ് അവിടെ മുഖ്യം. ശരീര വലുപ്പത്തിൽ ഇന്ത്യൻ സംഘത്തിലെ 23 വയസ്സുകാരേക്കാൾ മുകളിലാണ് ബോക ജൂനിയേഴ്സിലെ തദ്ദേശീയ കൗമാരതാരങ്ങൾ. ശരീരപുഷ്ടിക്ക് ആവശ്യമുള്ള ഭക്ഷണം അവർക്ക് ചെറുപ്പം മുതലേ ലഭിക്കുന്നു. എണ്ണയിൽ പാകം ചെയ്തവ അകറ്റിനിർത്തുന്നതാണ് അർജൻറീനക്കാരുടെ ആരോഗ്യത്തിൻെറ പ്രധാന രഹസ്യം.

ബോക ജൂനിയേഴ്സിൻെറ അന്താരാഷ്ട്ര താരം ഫെർണാണ്ടോ ഗാഗോ ഉൾപ്പെടെയുള്ളവരുമായി ഇടപഴകാനായി. സാധാരണ മത്സരങ്ങൾ കാണാൻപോലും വലിയ ജനക്കൂട്ടം. വൈകുന്നേരം തുടങ്ങുന്ന കളിക്ക് രാവിലെത്തന്നെ മൈതാനത്തെത്തി സ്ഥാനംപിടിക്കുന്ന എത്രയോ പേരുണ്ട്. ഗ്രൗണ്ട് കേന്ദ്രീകരിച്ച്ഫുട്ബാൾ സാമഗ്രികൾ വിറ്റുജീവിക്കുന്നവർ പതിവു കാഴ്ചയാണ്. മക്കളെ പഠിപ്പിച്ച് ഉയർന്ന നിലയിലെത്തിക്കുക എന്നതല്ല, കളിപ്പിച്ച് വലിയ താരമാക്കുക എന്നതാണ് അർജൻറീനയിലെ മാതാപിതാക്കളുടെ പൊതുലക്ഷ്യം. എത്ര ദരിദ്രാവസ്ഥയിലാണെങ്കിലും അതിനവർ പണം കണ്ടെത്തുന്നു. ചെറിയ കുട്ടികളെ അക്ഷരമാല പഠിപ്പിക്കും മുമ്പേ പന്ത് ഉപയോഗിച്ചുള്ള വിവിധ അഭ്യാസങ്ങൾ പരിശീലിപ്പിക്കും. ഷട്ടിൽ ബാറ്റ്പോലൊരു ഉപകരണമുപയോഗിച്ച് കൈകൊണ്ട് തട്ടിക്കലാണ് ബാലപാഠം.

2014 ലോകകപ്പ് കഴിഞ്ഞ് ഒരുമാസം പിന്നിട്ടപ്പോഴാണ് ബോക ജൂനിയേഴ്സ് പ്രതിനിധികൾ ഗോവയിൽ പ്രത്യേക സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുത്ത സംഘത്തിൽ ജിഷ്ണു ഉൾപ്പെടെ ഇന്ത്യയിൽനിന്ന് 16 താരങ്ങൾ അർജൻറീനയിലെത്തിയത്. എം.എസ്.പിയിൽനിന്ന് സഹതാരം അഭിജിത്തുമുണ്ടായിരുന്നു. അപ്പോഴും അന്നത്തെ ഫൈനലിസ്റ്റുകളുടെ നാട്ടിൽനിന്ന് ലോകകപ്പിൻെറ അലയൊലികൾ വിട്ടുപോയിരുന്നില്ല. എന്നാൽ, ഫ്ലക്സ് ബോർഡുകളുടെ എണ്ണത്തിൽ കേരളംതന്നെയാണ് മുന്നിലെന്ന് ജിഷ്ണു. ഇന്ത്യയിൽനിന്ന് താരങ്ങളെ കൊണ്ടുപോകുന്നതിനു മുമ്പ് ചൈനക്കാർക്കാണ് അവർ പരിശീലനം നൽകിയത്. ലോകത്തിൻെറ എല്ലാ മുക്കിലും മൂലയിലും കാൽപന്തുകളിക്ക് മേൽവിലാസമുണ്ടാക്കുകയാണ് ലക്ഷ്യം. ട്രാഫിക് പൊലീസ് ഉദ്യോഗസ്ഥൻ മലപ്പുറം കാവുങ്ങലിലെ ബാലകൃഷ്ണനും രതിയുമാണ് ജിഷ്ണുവിൻെറ മാതാപിതാക്കൾ. കേരളത്തിനു വേണ്ടി ഒരു തവണ സന്തോഷ് ട്രോഫി കളിച്ചിട്ടുണ്ട് ജിഷ്ണു.

## ജർമനി / ബയേൺ കണ്ട റുമൈസ്

### അക്ഷരമാല പഠിക്കുംമുമ്പേ പന്തിനെ വരുതിയിലാക്കിയിട്ടുണ്ടാവും ജർമനിയിലെ കുട്ടികൾ

മക്കളെ ഡോക്ടർമാരോ എൻജിനീയർമാരോ ആക്കുക ജീവിതലക്ഷ്യമായി കൊണ്ടുനടക്കുന്ന മാതാപിതാക്കളാണ് നമ്മുടെ നാട്ടിൽ. എന്നാൽ, ജർമനിക്കാർക്ക് ഒരു ലക്ഷ്യമേയുള്ളൂ. മക്കളെ പന്തുകളിക്കാരാക്കണം. സ്കൂളിൽ ചേർക്കും മുമ്പേ അവരെ ഫുട്ബാൾ അക്കാദമികളിൽ കൊണ്ടുപോയാക്കിയിട്ടുണ്ടാവും. അക്ഷരമാല പഠിക്കും മുമ്പേ അവർ പന്തിനെ വരുതിയിലാക്കിയിട്ടുണ്ടാവുമെന്ന് ബയേൺ മ്യൂണിക് അനുഭവങ്ങളിൽനിന്ന് റുമൈസ് സാക്ഷ്യപ്പെടുത്തുന്നു.

പ്രഫഷനലിസം വിട്ടൊരു കളിയുമില്ല ജർമൻ ക്ലബുകൾക്ക്. ജനസംഖ്യയിൽ അവരേക്കാൾ എത്രയോ മുന്നിലാണ് നമ്മുടെ രാജ്യം. പക്ഷേ, ഫുട്ബാളിൽ ഇനിയും വലിയ മേൽവിലാസമില്ലാതിരിക്കാൻ കാരണം സമീപനംതന്നെയാണ്. ടോട്ടൽ ഫുട്ബാളാണ് അവരുടെത്. ആദ്യ ടച്ചിൽത്തന്നെ പെർഫക്ഷനുണ്ടാവും. ടച്ചുകൾ പരമാവധി കുറച്ച് പന്ത് കൂടുതൽ നേരം കാലിൽ വെക്കാനാണ് പഠിപ്പിക്കുന്നത്. ബയേണിന് മാത്രം 13 ഗ്രൗണ്ടുകളുണ്ട്. വിവിധ വയസ്സ് കാറ്റഗറിയിലുള്ളവർക്കാണിത്. ആറ് വയസ്സ് മുതൽ മുകളിലോട്ടുണ്ട്. ബയേണിൻെറ അണ്ടർ 10 കുട്ടികളുടെ കളി പോലും അദ്ഭുതപ്പെടുത്തും. നമ്മുടെ സീനിയർ ടീം വരെ ഇവർക്ക് മുന്നിൽ നിഷ്പ്രഭരാവും.

പാസ് ഗെയിമിൻെറ പ്രാധാന്യമാണ് പരിശീലകർ പ്രധാനമായും പറഞ്ഞുതന്നത്. ടച്ചിലും അറ്റാക്കിങ്ങിലുമൊക്കെയുള്ള യൂനിറ്റി കണ്ടുപഠിക്കണം. പരിശീലന സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലുള്ളതാണ്. ടെക്നിക്കൽ കാര്യങ്ങൾ ചെയ്യാനും ഫിസിക്കൽ ചെയ്യാനുമെല്ലാം വ്യത്യസ്ത കോച്ചുമാർ. ഇവരാവട്ടെ നല്ല സപ്പോർട്ടാണ്. പിഴവുകൾ കണ്ടാൽ കുറ്റപ്പെടുത്തുകയില്ല. മെച്ചപ്പെടുത്താൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. വിഡിയോ ദൃശ്യങ്ങളുടെ സഹായത്തോടെയായിരുന്നു ക്ലാസുകൾ. ഓരോരുത്തരെയും ഗ്രൗണ്ടിലിറക്കി നിരീക്ഷിച്ചാണ് ക്ലാസ്. ബ്രസീൽ, അർജൻറീന തുടങ്ങിയ രാജ്യങ്ങളിലെ കുട്ടികളുമുണ്ടായിരുന്നു.ആര്യൻ റോബൻ, ഫാബിയോ അലോൻസോ, സാൻഷസ്, ഫ്രാങ്ക് റിബറി തുടങ്ങിയവർ സംവദിക്കാനെത്തി. ബയേണിൻെറ ഹോം ഗ്രൗണ്ടായ അലയൻസ് അരീനയിൽ വെർഡർ ബ്രെമനെതിരായ ബുണ്ടസ് ലിഗ മത്സരം കണ്ടു. ഫിലിപ് ലാമും ന്യൂയറും മ്യൂളറും ലവൻഡോവ്സ്കിയും റിബറിയും അലോൻസോയുമെല്ലാം പന്ത് തട്ടുന്നത് കൺനിറയെ നോക്കിനിന്നു. ബജാജ് അലയൻസിൻെറ ട്രയൽസിൽ കേരളത്തിൽനിന്ന് അവസരം ലഭിച്ച രണ്ടുപേരിലൊരാളായാണ് റുമൈസ് ജർമനിയിലേക്ക് പറന്നത്. ജർമൻ ക്ലബായ ഹോഫൻഹേമിൻെറ സ്കോളർഷിപ്പും റുമൈസിനെ തേടിയെത്തി. അന്ന് പരിശീലനം തുടങ്ങുന്ന വേളയിൽ ഇന്ത്യൻ അണ്ടർ ക്യാമ്പിൽ ആയതിനാൽ ഒഴിവാക്കേണ്ടിവന്നു.

ഇന്ത്യയുടെ അണ്ടർ 17 ലോകകപ്പ് ടീമിലുണ്ടായിരുന്ന മിഡ്ഫീൽഡർ റുമൈസ് പരിക്കുമൂലം അവസാന നിമിഷം പുറത്താവുകയായിരുന്നു. അല്ലെങ്കിൽ കെ.പി. രാഹുലിനൊപ്പം ഫിഫ ലോകകപ്പ് കളിച്ച മറ്റൊരു മലയാളിയായേനെ. ദേശീയ സബ് ജൂനിയർ ഫുട്ബാളിൽ കേരളത്തെ നയിക്കുകയും മികച്ച താരമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അരീക്കോട് വടക്കുമ്മുറി കൈതറ അബ്ദുൽ ബഷീറിൻെറയും റംലത്തിൻെറയും മകനാണ്.


## ഇംഗ്ലണ്ട് / ഷമീൽ ഇൻ ആഴ്സനൽ

### പരിശീലന രീതിയിലും സാങ്കേതിക സംവിധാനങ്ങളിലുമെല്ലാം വലിയ വ്യത്യാസം ഇംഗ്ലീഷ് ഫുട്ബാളിലുണ്ട്

2010ലാണ് മലപ്പുറം എം.എസ്.പി ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസുകാരനായ ഷമീലിനെ കൊൽക്കത്തയിൽ വെച്ച് നടന്ന അന്തിമ സെലക്ഷൻ ട്രയൽസിൻെറ അടിസ്ഥാനത്തിൽ ആഴ്സനൽ ലണ്ടനിലേക്ക് കൊണ്ടുപോവുന്നത്. ഇന്ത്യയിലെപ്പോലെയേയല്ല ഇംഗ്ലീഷ് ഫുട്ബാളെന്ന് മനസ്സിലാക്കിയ ദിവസങ്ങൾ. പരിശീലനത്തിലും സാങ്കേതിക സംവിധാനങ്ങളിലും ഭക്ഷണരീതിയിലുമെല്ലാം വലിയ മാറ്റം. നമ്മളേക്കാൾ ഒരുപാട് മുന്നിലാണ് ഇംഗ്ലീഷുകാർ. 90 മിനിറ്റും ഫാസ്റ്റ്ഗെയിമാണ് അവർ കളിക്കുക. താമസം വരില്ല. മിസ് പാസ് അപൂർവമായിരിക്കും. സ്കൂളിലെല്ലാം ഫുട്ബാൾ അക്കാദമികളുമുണ്ടാവും. ഗ്യാപ് വരാതെ കൊണ്ടുപോവും. ഇവിടെ ദേശീയ സീനിയർ ടീമിലെത്തണമെങ്കിൽ 25 വയസ്സ് കഴിയണം. എന്നാൽ, അവിടെ 19 വയസ്സിൽ തുടങ്ങും. ആഴ്സനൽ ടീമിനൊപ്പം രണ്ടു ദിവസം പരിശീലനം നടത്താനായത് വലിയ അനുഭവമാണ്. സെസ്ക് ഫാബ്രിഗസ് ധാരാളം ടിപ്സ് പറഞ്ഞുതന്നു. മറ്റു താരങ്ങളും അനുഭവങ്ങൾ പങ്കുവെച്ചു.

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ആഴ്സനൽ- മാഞ്ചസ്റ്റർ സിറ്റി മത്സരം കണ്ടു. ഫാബ്രിഗസായിരുന്നു അന്ന് ആഴ്സനൽ ക്യാപ്റ്റൻ. വിവിധ ദേശീയ ചാമ്പ്യൻഷിപ്പുകളിൽ കേരള ടീമുകൾക്ക് വേണ്ടി 12 തവണ ബൂട്ടണിഞ്ഞിട്ടുണ്ട് മിഡ്ഫീൽഡറായ ഷമീം. ഹയർ സെക്കൻഡറി മുതൽ ലണ്ടനിൽ പഠിക്കാൻ ആഴ്സനൽ അവസരം നൽകിയെങ്കിലും നാട്ടിലേക്ക് മടങ്ങുകയായിരുന്നു. 2010ൽ അണ്ടർ 16 ഇന്ത്യൻ ടീമിൽ അംഗമായി എ.എഫ്.സി കപ്പ് കളിച്ചു. ഇപ്പോൾ ഗൾഫിലെ വിവിധ ക്ലബുകൾക്കു വേണ്ടി ഇറങ്ങുന്നു. ഹാജിയാർപള്ളി പൂഴിത്തറ അബ്ദുവും നസിയുമാണ് മാതാപിതാക്കൾ. ഭാര്യ: റനീഷ.

●






1. വിയ്യാ റയൽ അക്കാദമിയിൽ ആഷിഖ്.  2. ബയേണിൻെറ ഹോം ഗ്രൗണ്ടായ അലയൻസ് അരീനക്ക് മുന്നിൽ റുമൈസ് 3. ബോക ജൂനിയേഴ്സ് ഫ്ലാഗുമായി ജിഷ്ണുവും സഹതാരമായിരുന്ന അഭിജിത്തും 4 ഷമീൽ ലണ്ടനിൽ

02 മരുപ്പുത്രൻ

04 കാൽവിരലിലെ വർണങ്ങൾ

ജീവിതം

# മരുപ്പുത്രൻ



**മാക്സ് കൽദെറാൻ** എന്ന ഇറ്റലിക്കാരൻ മരുഭൂമിയിലെ ഏകാന്ത പഥികനാണ്. മരുഭൂമിയുടെ ആഴങ്ങളിലേക്ക് നിരന്തരം പോകുന്ന, നാടോടികളായ ബദുക്കൾപ്പോലും എത്തിപ്പെടാത്ത മരുഭൂമിയിലെ കന്യാസ്ഥലങ്ങളിലെ ഏകാന്തതയിൽ ഇദ്ദേഹം നടന്നെത്തുന്നു. അസാധ്യമെന്ന് സമൂഹം പറയുന്ന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തുന്നു. അറബ് ലോകത്ത് ഏറെ അറിയപ്പെടുന്ന ഇദ്ദേഹം യു.എന്നിൻെറ ‘ചീറ്റ’ അംബാസഡറായി ലോകം ചുറ്റിയിട്ടുണ്ട്

ഷാജി ഹനീഫ്

വാഗ്ദത്ത ഭൂമി തേടി പുറപ്പെട്ട മോശയുടെ മരുഭൂപഥങ്ങളിലൂടെ, സഹസ്രാബ്ദങ്ങൾക്കിപ്പുറം മാക്സ് കൽദെറാൻ പുറപ്പെട്ടു. അതൊരു റമദാൻ മാസമായിരുന്നു. കാരുണ്യത്തിൻെറ 10ലെ ആദ്യ മൂന്നുദിനങ്ങളാണ് യാത്രക്ക് തിരഞ്ഞെടുത്തത്. മൂന്നുദിവസംകൊണ്ട് ഓടിയും നടന്നും മരുഭൂമിയിലെ മലകളും താഴ്വരകളും അടങ്ങിയ 250ഓളം കി.മീറ്റർ ദൂരം താണ്ടിയാണ് കൽദെറാൻ ലോകത്തെതന്നെ ഞെട്ടിച്ചുകളഞ്ഞത്. വർഷങ്ങൾക്ക് മുമ്പ് ഇതുപോലൊരു ഏകാന്തയാത്രയിൽ സുഹൃത്തും വഴികാട്ടിയുമായിരുന്ന ശൈഖ് അഹ്മദ് അബൂ റാഷിദ് എന്ന ജബലിയ ഗോത്രത്തലവൻെറ മാർഗനിർദേശങ്ങളോടെ താണ്ടിയത് ലോകത്തെ ഏറ്റവും വലുതും ഭീകരവുമായ ‘അർറുബ്ഉൽ ഖാലി’ (Emtpy Quarter) ആയിരുന്നു.

മണലാരണ്യത്തിലെ ഒറ്റപ്പെടലിലുണ്ടായ ഉൾവിളിയാൽ സീനായ്ക്കപ്പുറം അഖബയിലെ ഒരു മസ്ജിദിൽ പോയി ഇസ്ലാം ആശ്ലേഷിക്കുവോളമെത്തി കാര്യങ്ങൾ. തന്നെ ഏറെ ആകർഷിച്ചത് ഖുർആനിലെ 110ാം അധ്യായമായ ‘സൂറത്തുന്നസ്ർ’ ആണെന്നും ത്യജിക്കാനും പൊറുക്കാനുമുള്ള മനസ്സാണ് മനുഷ്യനെ ദൈവത്തിലേക്കടുപ്പിക്കുന്നത്, സമർപ്പണവും ക്ഷമയുമാണ് താനീ സാഹസയാത്രയിലൂടെ സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നത് എന്നാണ് അദ്ദേഹത്തിൻെറ ഭാഷ്യം. 50ലേറെയുള്ള ഉയർന്ന ഊഷ്മാവിലെ വ്രതം നോറ്റുള്ള പകൽയാത്ര അചിന്ത്യം.


വഴിയിൽ ഒരു ബദവി ഗോത്ര സ്ത്രീ കുടിക്കാൻ ദാഹജലം നീട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: “നന്ദി, ഞാനൊരു നോമ്പുകാരനാണ്.” എന്തിനാണ് നിങ്ങളിങ്ങനെ മരണസാധ്യതയുള്ള അപകടകരമായ മരുഭൂമിയിലൂടെ തനിച്ച് യാത്രചെയ്യുന്നത്? നിങ്ങൾക്ക് സീനായിലെത്താൻ ഒരു വാഹനത്തിൽ നല്ല റോഡിലൂടെ സഞ്ചരിച്ചുകൂടേ. മറുപടിക്ക് പകരം അയാൾ അവരുടെ കരുതലിന് നന്ദിയായി പുഞ്ചിരിച്ച് സലാം പറഞ്ഞ് യാത്രതുടർന്നു. അവർക്കറിയില്ലല്ലോ അദ്ദേഹത്തിൻെറ സഞ്ചാരസാഫല്യം. ഇറ്റലിയിലെ വെനീസിനടുത്തുള്ള അത്രയൊന്നും പ്രശസ്തമല്ലാത്തൊരു ഗ്രാമത്തിൽ 1967 ജൂലൈ ഒന്നിന് ജനിച്ച മാക്സ് തൻെറ പിതാവിനെക്കുറിച്ച് വളരെ വേദനയുള്ള ഓർമകൾ പങ്കുവെച്ചു. ജീവിതത്തിലൊരിക്കലും തന്നോടും അമ്മയോടും ഒരു കണികപോലും സ്നേഹം കാട്ടാത്ത അയാൾ ഒരു ദുരന്ത സ്മരണയാണെന്നും വികലാംഗയായ തൻെറ മാതാവാണ് ലോകത്തെ ഏറ്റവും വലിയ മഹതി എന്നും പറയും കൽദെറാൻ. മകൻെറ കഷണ്ടി കയറിയ മൂർദാവിൽ സ്നേഹചുംബനം നൽകി അമ്മ പറയും: “ഇവനാണ് ലോകത്തേറ്റവും സ്നേഹമുള്ള മോൻ” എന്ന്. ഇത്ര പ്രായമായിട്ടും ഏറെ പ്രശസ്തനായിട്ടും വീട്ടിലെത്തുമ്പോൾ അമ്മക്കുമുന്നിൽ അദ്ദേഹം പഴയ മാക്സാകും.

ഇറ്റലിയിലെ പ്രശസ്തമായ അൻേറാണിയോ മ്യൂച്ചേ ജനിതക ലാബിൽ മാക്സിൻെറ ഡി.എൻ.എയും ഉമിനീരും പരിശോധിച്ചു. സ്വതവേ തണുത്ത കാലാവസ്ഥയുള്ള ഇറ്റലിയിൽനിന്ന് ഉഷ്ണമാപിനി 50 കടക്കുന്ന, ആവി പൊന്തുന്ന മരുഭൂമിയിലൂടെ വ്രതമെടുത്ത് അവിശ്രമം കാൽനടയാത്ര ചെയ്യാനുള്ള കഴിവ് ഇയാളെങ്ങനെ സ്വായത്തമാക്കി എന്നതിനെക്കുറിച്ച് അറിയാനായിരുന്നു അത്. മെഡിക്കൽ സയൻസിന് അതിന് ഉത്തരമില്ലെങ്കിലും ഒരു നറുപുഞ്ചിരിയോടെ മാക്സ് പറയും, അടിയുറച്ച ആത്മവിശ്വാസവും നിശ്ചയ

ദാർഢ്യവുമാണ് തൻെറ വിജയരഹസ്യമെന്ന്. നാമൊരുകാര്യം ചെയ്യണമെന്ന് ആത്മാർഥമായി തീരുമാനിച്ചാൽ അത് നടത്താൻ കഴിയും എന്നാണ് അദ്ദേഹത്തിൻെറ ഭാഷ്യം.

വർഷങ്ങളായി എനിക്ക് മാക്സിനെ അറിയാം, വിദേശ സുഹൃത്തുക്കളിൽ എന്നോടും കുടുംബത്തോടും ഏറെ അടുപ്പമുള്ളവരിൽ ഒരാൾ. ലോകത്തെവിടെയാണെങ്കിലും മാസത്തിലൊരിക്കലെങ്കിലും ബന്ധപ്പെടും. ആയിടെ മൂന്നുനാല് മാസത്തെ നിരന്തര യാത്രകൾ കഴിഞ്ഞ് തിരിച്ച് ദുബൈയിലെത്തുന്നതിനിടയിൽ ഒരിക്കൽ ബന്ധം മുറിഞ്ഞു. നിറഞ്ഞ ഫോൺ മെമ്മറിയിൽ നിന്ന് അനാവശ്യ ചിത്രങ്ങൾ ഒന്നൊന്നായി ഒഴിവാക്കുമ്പോൾ ഒരുപാട് നാൾ മുമ്പ് അദ്ദേഹമയച്ച ലാൻഡ് ട്രൈബ്യൂണൽ മിനിസ്റ്റർ ശൈഖ് മുഹമ്മദ് ബിൻ ഖലീഫ ആൽ മക്തൂമുമായുള്ള ചിത്രം വിരലിൽ തടഞ്ഞു. ഞങ്ങളോട് ഏറെ അടുപ്പം സൂക്ഷിക്കുന്ന മഹാ വ്യക്തിത്വമാണ് ശൈഖും. അതിനാൽ അത് മായ്ക്കാതെ നീക്കാൻ തുടങ്ങിയപ്പോൾ, വളരെ അവിചാരിതമായി മാക്സ് എൻെറ കാബിനിലേക്ക് കയറിവന്നു. വിരൽ പിന്നിലെ ആ ചിത്രം തിരിച്ച് കാണിച്ചുകൊണ്ട് പറഞ്ഞു, “പ്രിയ മാക്സ്, അതിശയം തോന്നുന്നു, മൂന്നു നാല് മാസങ്ങളായി നാം തമ്മിൽ കണ്ടിട്ടില്ല. എൻെറ വിരലറ്റത്ത് ചിത്രമുള്ള നിമിഷം തന്നെ ഒരു മാലാഖയെപ്പോലെ താങ്കളെങ്ങനെ പ്രത്യക്ഷപ്പെട്ടു”. എന്നിൽ ഒരിക്കലും അവിശ്വസനീയതയില്ലാത്ത അദ്ദേഹം പറഞ്ഞു: “പലപ്പോഴും ഇതിലൂടെ പോയിരുന്നെങ്കിലും ഇപ്പോഴാണ് കയറാൻ തോന്നിയത്. നീ യാത്ര പോകുമെന്ന് പറഞ്ഞെങ്കിലും തിരിച്ചെത്തിയത് ഞാനറിഞ്ഞിരുന്നില്ല, നീയും ഞാനും തമ്മിലെന്തോ ടെലിപ്പതിക് ബന്ധം നിലനിൽക്കുന്നെന്ന് പറഞ്ഞാശംസിച്ച് ഡിസംബറിൽ അപൂർവമായിപ്പെയ്ത മഴത്തണുപ്പിൽ സൽക്കരിച്ച ചുടുകാപ്പി പോലും വേണ്ടെന്ന് പറഞ്ഞ് ഒരു സംരക്ഷണ കവചവുമില്ലാതെ ആ പ്രകൃതിമനുഷ്യൻ മഴ നനവിലേക്കിറങ്ങിപ്പോയി.

അദ്ദേഹം അങ്ങനെയാണ്, വിശക്കുമ്പോൾ മാത്രം അൽപം നട്സോ ബിസ്കറ്റോ തിന്നും. ദാഹിക്കുമ്പോൾ മാത്രം നല്ല ശുദ്ധജലം കുടിക്കും. അനാവശ്യമായി ടോയ്ലറ്റിൽ പോകുന്നവരെ അദ്ദേഹം എപ്പോഴും കളിയാക്കും. വേണ്ടത് മാത്രം കഴിച്ചാൽ ഇതിൻെറ ആവശ്യമേ ഇല്ലെന്ന് പറയും. ഒരിക്കൽ യമനിലൂടെയുള്ള സാഹസികയാത്രയിൽ ചെറിയൊരു സമയവ്യത്യാസ



മാക്സ് കൽദെറാൻ മരുഭൂമിയിലെ യാത്രക്കിടെ

ത്തിലാണ് അൽഖാഇദ തീവ്രവാദികളുടെ പിടിയിൽനിന്ന് രക്ഷപ്പെട്ടത്. ജീവകാരുണ്യത്തിന് പണം സ്വരൂപിക്കാനായി ചെയ്ത സാഹസ പ്രകടനങ്ങളും ഏകാന്ത യാത്രകളിലുണ്ടായ ചില അവിശ്വസനീയ അനുഭവങ്ങളും അദ്ദേഹം പങ്കുവെക്കാറുണ്ട്. പലപ്പോഴായി 13 പ്രാവശ്യം വിവിധ മരുഭൂമികളും ദൂരങ്ങളും താണ്ടിയിട്ടും ഇന്നും ഇദ്ദേഹത്തിൻെറ ശാരീരികാവസ്ഥ കേവലം ഒരു കൗമാരക്കാരന് തുല്യം. 60 ഡിഗ്രിയോടടുത്ത അന്തരീക്ഷ താപത്തിലും 75 ഡിഗ്രിയിൽ കത്തുന്ന പൊരിമണൽചൂടിലും 75 മണിക്കൂർ അന്നമോ ജലപാനമോ വിശ്രമമോ ഇല്ലാതെ നടന്നും ഓടിയും മണൽക്കാട് താണ്ടുന്ന ഇയാളെ നാടോടി ബദവികൾ ‘മഹ്ദി’ (അന്ത്യനാളിൽ ലോക തിന്മകൾ അടിച്ചമർത്തി സദ്ഭരണം നടത്താൻ വരും എന്ന് വിശ്വസിക്കപ്പെടുന്നയാൾ) എന്ന് വിളിക്കാറുണ്ടത്രെ.


മരുഭൂമിയുടെ ആഴങ്ങളിലേക്ക് നിരന്തരം പോകുന്ന, നാടോടികളായ ബദുക്കൾപോലും എത്തിപ്പെടാത്ത മരുഭൂമിയിലെ കന്യാസ്ഥലങ്ങളിലെ ഏകാന്തതയിൽ ഇദ്ദേഹം നടന്നെത്തുന്നു. അസാധ്യമെന്ന് സമൂഹം പറയുന്ന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തുന്നു. അറബ് ലോകത്ത് ഏറെ അറിയപ്പെടുന്ന ഇദ്ദേഹം യു.എനന്നിൻെറ ‘ചീറ്റ’ അംബാസഡറായി ലോകം ചുറ്റിയിട്ടുണ്ട്. ഒരുപാട് രാഷ്ട്രത്തലവന്മാരുമായും അടുത്ത ബന്ധം പുലർത്തിയിട്ടുണ്ട്.

11 ഗിന്നസ് ലോക റെക്കോഡ് അടക്കം ഒട്ടേറെ പുരസ്കാരങ്ങൾ, പ്രശസ്തമായ പല കമ്പനികളുടെയും ബ്രാൻഡ് അംബാസഡർ, വ്യക്തിത്വ വികാസം, കായികക്ഷമത എന്നീ വിഷയങ്ങളിലെ പരിശീലകൻ എന്നീ മേഖലകളിലും പ്രവർത്തിക്കുന്നു. ലോകഭാഷകളിൽ ഇദ്ദേഹത്തെക്കുറിച്ച് ഒത്തിരി ലേഖനങ്ങളും അഭിമുഖങ്ങളും വന്നിട്ടുണ്ട്. പ്രശസ്തിയും ബന്ധങ്ങളും ഒരിക്കലും അലങ്കാരമാക്കുകയോ ദുർവ്യയം ചെയ്യുകയോ ഉണ്ടായിട്ടില്ല ഇതുവരെ. മാരക വിഷമുള്ള തേളുകളും ഇഴജന്തുക്കളും ചില വന്യജീവികളും വിഹരിക്കുന്ന മരുരാത്രികളിൽ മൊബൈൽ സിഗ്‌ലോ വഴിയടയാളങ്ങളോ ഇല്ലാത്ത അന്ധകാരത്തിൽ ഒരിക്കൽ വഴിതെറ്റി അലഞ്ഞപ്പോൾ ഏതോ അജ്ഞാത ശക്തിയാണത്രെ അദ്ദേഹത്തെ പിന്നിൽനിന്ന് തള്ളി നടത്തിയത്. സുഹൃത്ത് അഹ്മദ് പറയാറുണ്ടത്രെ നല്ല മനുഷ്യരെ ജിന്നുകൾ പിന്തുടർന്ന് സഹായിക്കുമെന്ന്. ശപിക്കപ്പെട്ട പിശാചിൽനിന്ന് രക്ഷതേടിയുള്ള വചനവും ചൊല്ലിയാണത്രെ മാക്സ് പിന്നീട് നടന്നത്. അമാനുഷിക സാഹസികനായ ഇദ്ദേഹത്തിൻെറ അവിശ്വസനീയ യാത്രാനുഭവങ്ങൾ ചേർത്ത് ഒരു മണിക്കൂറോളം നീളുന്നൊരു ഡോക്യുമെൻററി ‘മരുപ്പുത്രൻ‘ (Son of Desert) എന്ന പേരിൽ അൽജസീറ 2014ൽ സംപ്രേഷണം ചെയ്തത് യൂട്യൂബിൽ ഇന്നും ലഭ്യമാണ്. ‘മക്കയിലേക്കുള്ള പാത’ (Road to Mecca) എന്ന എക്കാലത്തേയും പ്രശസ്ത കൃതി രചിച്ച മുഹമ്മദ് അസദ്, ‘അറേബ്യൻ സാൻഡ്സ്’ എഴുതിയ വിൽഫ്രഡ് തെസിഗർ എന്നിവരുടെ എഴുത്തു ഗണത്തിലേക്കൊന്നും ഒത്തിരി അനുഭവങ്ങളുള്ള മാക്സ് എത്തിയില്ല. കാരണം, അയാളൊരു എഴുത്തുകാരനല്ല.

മരുഭൂമികൾ എന്നുമെപ്പോഴും അയാൾക്ക് ആശ്രയവും ആവേശവുമാണ്. അയാളുടെ ആനന്ദവും സമാധാനവും ഏറെ ദുർഘടവും വിജനവുമായ മരുഭൂമിയുടെ ഏകാന്തതയിൽ തനിയേ യാത്ര ചെയ്യുമ്പോഴാണ്. ഈജിപ്തിൽനിന്നും വാഗ്ദത്ത ഭൂമി തേടി സീനായിലൂടെ പലായനം ചെയ്ത മോശയുടെ (പ്രവാചകൻ മൂസ) പാത പിന്തുടർന്ന് അയാളിപ്പോഴും സഞ്ചരിക്കുകയാണ്, ദിക്കറിയാത്ത ശൂന്യപാദത്തിലൂടെ.

ലോകം ഭീകരതയും അസഹിഷ്ണുതയും ആരോപിക്കുന്ന ഒരു ജനതയുടെ ആതിഥേയത്വവും സ്നേഹവും ആവോളം നുകർന്നുകൊണ്ട്. ●






● ചിത്രീകരണം: കെ. നിസാർ

കവിത

## ഭ്രമണം

ബഷീർ മിസ്അബ്

മഴവറ്റിയ മൃതഭൂമിയിലെ
മണ്ണിൻ മനസ്സിൽ
ഒരു കുഞ്ഞു വിത്ത് വസന്തത്തിനായി ദൈവത്തോടു കരഞ്ഞു കേണു.
ദൈവം ഉപരിലോകത്തെ
മാലാഖമാരെ നോക്കി പുഞ്ചിരിച്ചു.

മാലാഖമാർ
സ്വർഗപുസ്തകത്തിൽ നിന്നും
കസ്തൂരി മണക്കുന്ന
ഏതാനും താളുകൾ
ഭൂമിയിലേക്ക് ഊതിയുതിർത്തു.

കണ്ണടച്ച് ആകാശത്തേക്കു കൈകളുയർത്തി ആത്മഭാഷയിൽ
ഉസ്താദ് മെഹ്ദി ഹസൻ
‘പ്യാർ ബരേ..’ പാടുന്നത്..

കുഞ്ഞു എസ്തറിനെ തോളിലേറ്റി
ഹ്യൂഗോയുടെ ഴാങ്ങ് വാൾ ഴാങ്ങ്
ജീവിതത്തിലേക്കു നടന്നകലുന്നത്..

മഴയാൽ പുറംനനഞ്ഞ്
വേദനയാൽ അകം നിറഞ്ഞ്
വനാന്തരങ്ങളിൽ ബീഥോവൻ
‘കോറൽ സിംഫണി’ മൂളുന്നത്..

ഇടിക്കൂട്ടിൽ, മുഹമ്മദലി
വെളുപ്പിൻെറ അഹന്തക്കു നേരെ ഉരുക്കുമുഷ്ടിയാൽ നിറയൊഴിക്കുന്നത്..

പിന്നെയും പൂത്ത ചെറിമരങ്ങൾക്കു മധ്യേ കുറസോവയുടെ കുഞ്ഞു ബാലൻ
കണ്ണീർ തുടച്ചു പുഞ്ചിരിതൂകുന്നത്..

‘ദാൽ’ തടാകക്കരയിൽ
എഴുത്തിന്റെ സുൽത്താനും
മുഹമ്മദ് അസദും സഞ്ചാരികളുടെ ഹൃദയഭാഷയിൽ സംവദിക്കുന്നത്

സ്വർഗപുസ്തകത്തിലെ
ഈ താളുകളോരോന്നും
ഭൂമിയെ ചുംബിച്ചതോടെ
കുളിർ മഴപ്പെയ്ത്തിൽ
ഭൂമിയുടെ അകവും പുറവും നനഞ്ഞു.

മൃതികമ്പളം പുതച്ചു മയങ്ങിയിരുന്ന
ഋതുക്കൾ കണ്ണുതിരുമ്മിയെഴുന്നേറ്റു.
പൂർണവസന്തത്തിൻെറ പ്രണയകടാക്ഷത്തിൽ
ഭൂമിയൊന്നാകെ പൂത്തുലഞ്ഞു..

ഹിമാർദ്രമായ ആകാശം
കിളികളാൽ നിറഞ്ഞു..

ഇനിയും ഒരു പൂർണായുസ്സു പൂത്തുലഞ്ഞുനിൽക്കാനുള്ള
നനവ് അകം പേറി ഭൂമി പിന്നെയും
പ്രയാണം തുടർന്നു...

## കത്തുകൾ




### ഒരു ദേശത്തിൻെറ കഥ

എഴുത്തുകാരൻെറ ഓർമപോലെ ഇത്തവണയും പെരുന്നാൾ മഴക്കാലത്താണ്. ചെറിയ മഴയൊന്നുമല്ല, പെരുംമഴതന്നെ. മാടായി എന്ന ദേശമാണ് അബ്ദുല്ല അഞ്ചിലത്തിൻെറ എഴുത്തിൽ (പെരുമഴപ്പെരുന്നാളിൽ, അബ്ദുല്ല അഞ്ചിലത്ത് -ലക്കം 1567) കേന്ദ്രകഥാപാത്രം. തെയ്യവും കോലവും അമ്പലവും പള്ളിയും ഖബർസ്ഥാനും സൂഫി ജീവിതവും എല്ലാം ഒരു ഫ്രെയിമിൽ മിന്നിമറയുന്ന, ആർക്കും മനസ്സിൽ വരക്കാൻ കഴിയുന്ന ഒരു മനോഹര ചിത്രമാണ് ആ കടലോര ഗ്രാമത്തിൻെറത്.
രാജേഷ് പൂവഞ്ചിറ, ആലുവ

### ആഖ്യാനം മനോഹരം

അബ്ദുല്ല അഞ്ചിലത്തിൻെറ പെരുമഴപ്പെരുന്നാൾ മികച്ച പെരുന്നാൾ വിഭവമായി. ഒരു ഗ്രാമത്തിൻെറ ആഹ്ലാദവും വേദനയും മനോഹരമായി എഴുതിയിട്ടുണ്ട്. പള്ളിക്കാടിൻെറ മൂലയിൽ ഇരുന്ന് പാടുന്ന ആലിക്ക എന്ന സ്വപ്നാടകൻെറ ജീവിതമാണ് അതിൽ ഏറെ ഹൃദ്യമായത്. വായനക്കാരിൽ അവ്യക്തത അവശേഷിപ്പിച്ചാണ് ലേഖകൻ എഴുത്ത് അവസാനിപ്പിക്കുന്നത്. പെരുന്നാൾ രാവിൽ എത്താതിരുന്ന ഉപ്പക്ക് എന്ത് സംഭവിച്ചു എന്ന് പറയുന്നില്ല.
അലീന പി. ഇരിക്കൂർ, കണ്ണൂർ

### ആദ്യം വായിക്കുന്നത് കഥ

വാരാദ്യമാധ്യമം കൈയിൽ കിട്ടിയാൽ അതിലെ കഥ ആദ്യം നോക്കുന്ന പതിവാണുള്ളത്. ലക്കം 1565ൽ സുധ തെക്കേമഠം എഴുതിയ അടയാള വാക്യം എന്ന കഥ മികച്ചതായി. അടയാള വാക്യങ്ങൾ ഇല്ലാതെ എന്നെ തിരിച്ചറിയുന്ന ഏതെങ്കിലും ലോകത്തിലേക്ക് സന്ധ്യയാകും മുമ്പ് എത്തിച്ചേരണം എന്ന വാക്ക് വായിച്ചു തീർന്നപ്പോൾ ദുഃഖം തോന്നി. പത്തു തികഞ്ഞിട്ടും പള്ളയൊഴിയാത്ത പെണ്ണിനെപ്പോലെ എന്ന് തുടങ്ങിയ വത്സൻ കല്ലായിയുടെ കവിത ഇപ്പോഴത്തെ കാലാവസ്ഥയോട് നൂറു ശതമാനവും യോജിക്കുന്നു.
കെ.പി. അബൂബക്കർ മുത്തനൂർ

### ചിത്രയാത്രകൾ

വാരാദ്യമാധ്യമം ലക്കം 1567 ഉൾവെളിച്ചം തേടുന്ന ചിത്രയാത്രകൾ ഉൾക്കരുത്തുള്ള ചിത്രവിപഞ്ചികയായി മാറി. അശ്വതിയുടെ അനശ്വരമായ വരയും കുറിയും കുറിക്കുകൊള്ളുന്നവയായിരുന്നു.
വി. വിനോദ് നറുകര

### കാലഘട്ടത്തിൻെറ വർത്തമാനം

മനുഷ്യൻെറ പണത്തിനു വേണ്ടിയുള്ള ആർത്തി മൂലം മനുഷ്യ ഗണത്തിനുതന്നെ നാശം സംഭവിക്കുമോ എന്ന സംശയം ഉള്ള ഈ കാലഘട്ടത്തിൽ വളരെ അനുയോജ്യമായ ഒരു കവിതയാണ് വാരാദ്യ മാധ്യമം ലക്കം 1567ൽ പ്രസിദ്ധീകരിച്ച എം. കുഞ്ഞാപ്പയുടെ ‘എന്തു ബാക്കിയാവും?’
അമാൻ കെ.പി.

● വാരാദ്യ മാധ്യമം 1567ൽ ശബ്ന സുമയ്യ എഴുതിയ കഥ ‘ശലഭമഴ’ ഏറെ മികച്ചുനിന്നു. കോരിച്ചൊരിയുന്ന ഈ മഴക്കാലത്ത് മഴയും പ്രതീക്ഷിച്ചിരിക്കുന്ന അയാളുടെ പ്രതീക്ഷകളെ തട്ടിമാറ്റി ശലഭമഴ പെയ്യിച്ച കഥാകാരിക്കും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
ഫാസിൽ മുരിങ്ങോളി, കാടാച്ചിറ (പി.ഒ) കണ്ണൂർ

### ഹൃദയസ്പർശിയായ കഥ

വാരാദ്യ മാധ്യമം ലക്കം 1567ൽ പ്രസിദ്ധീകരിച്ച ഷബ്ന സുമയ്യയുടെ ‘ശലഭ മഴ’ ഹൃദയസ്പർശിയായ കഥയായിരുന്നു. സരളവും അർഥവ്യക്തവുമായ വാക്കുകളിലൂടെ വായനക്കാരുടെ മനസ്സിനെ ആകർഷിപ്പിക്കുന്ന തരത്തിലുള്ള കഥാസമാഹാരങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.
റിയ കുനിയിൽ, മലപ്പുറം

### ഓരോ യാത്രയും വെല്ലുവിളിയാണ്

ലക്കം 1566ൽ നിയോഗ് ആർട്ടികിൻെറ സാഹസികമായ യാത്രകളെ അടിസ്ഥാനമാക്കി മുഹമ്മദ് ഷാമോൻ എഴുതിയ ‘സ്വപ്ന യാത്രികൻ’ എന്ന ഫീച്ചർ മനോഹരവും പോസിറ്റിവ് എനർജി നൽകുന്നതുമായി. ഓരോ യാത്രകളും വെല്ലുവിളികളാണ്. യാത്രകൾ നമുക്ക് തരുന്ന അനുഭവങ്ങൾ വ്യക്തിജീവിതത്തിൽ മുതൽക്കൂട്ടുകളാണ്. സാഹചര്യങ്ങൾക്കനുസരിച്ചു മാറ്റം വരുത്തുന്ന മനസ്സിൻെറ ഉടമയാണെങ്കിൽ ലോകത്ത് എവിടെയും നമുക്ക് അനായാസമായി യാത്രചെയ്യാം.
സാജിദ് അബ്ദുറഹിമാൻ വടകര

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ
വാട്സ്ആപ് വഴിയും
രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം,
വെള്ളിമാടുകുന്ന്. പി.ഒ, കോഴിക്കോട് -12

കഥ

# എൺപതുകളിൽ ഒരു റോയിച്ചൻ

ജേക്കബ് എബ്രഹാം

ദേ ഒരു വിഷാദഗാനംപോലെ മഴയിൽ റബർതോട്ടത്തിനിടയിലെ റോഡിലൂടെ പച്ച മാരുതി 800ൽ വരുന്നുണ്ട് റോയിച്ചൻ. ഫിലിപ്സിൻെറ ടേപ്റെക്കോഡറിൽ കുരുങ്ങിയ കാസെറ്റുവള്ളിപോലെ എൺപതുകളിൽ കുരുങ്ങി അമ്പതിൻെറ കപ്പിക്കഴുത്തിൽപെട്ടുപോയ റോയിച്ചൻ. റബറിലകളിലൂടെ പൊഴിഞ്ഞ് ചില്ലിൽവന്നു പഥുക്കോയെന്ന് പൊട്ടുന്ന മഴത്തുള്ളികളെ തുടച്ചുമാറ്റുന്ന വൈപ്പർ മ്ലാനമായ റബർതോട്ടത്തിലെ ഇരുണ്ട അന്തരീക്ഷം കാറിനുള്ളിലേക്ക് പകരാൻ ശ്രമിക്കവെ കാർസ്റ്റീരിയോയിൽ 'മെല്ലെ മെല്ലെ മുഖപടം തെല്ലൊതുക്കി...' എന്ന എൺപതുകളിലെ പാട്ടിൽ നഷ്ടപ്പെട്ട റോയിച്ചനെ നമുക്കു കാണാം, ഇളം ചുവപ്പ് ലൈനിങ് ഷർട്ടും പോളിസ്റ്റർ ഡബ്ൾമുണ്ടുമാണ് വേഷം. പഴയ കാലങ്ങളിൽ റോഡിലെ രാജാവായിരുന്ന അംബാസഡറിലെ ഡ്രൈവിങ് സീറ്റിനു മുകളിൽ തൂങ്ങിക്കിടന്നപോലെ ഒരു പ്ലാസ്റ്റിക് മുന്തിരിക്കുല ഗതിയുടെ വേഗത്തിനനുസരിച്ച് മുന്നോട്ടും പിന്നോട്ടും മാരുതികാറിൽ കിടന്ന് ചാഞ്ചാടുന്നുണ്ട്. ആകപ്പാടെ എൺപതുകളിലെ ഒരു മലയാള സിനിമയിൽനിന്ന് ഇറങ്ങിവരുന്നപോലുണ്ട് റോയിച്ചനും കാറും, അത്രമേൽ ഗൃഹാതുരം, അത്രമേൽ വിഷാദഭരിതം.

ആ പ്രണയസുരഭിലമായ എൺപതുകളിലെ പോപ് ഐക്കണായ മഡോണയെപ്പോലെ സുന്ദരിയായ പള്ളികവയറിലെ റീനയെക്കുറിച്ചോർത്ത് ഖിന്നനായിരിക്കുകയാണ് അയാൾ. കഴിഞ്ഞ ഈസ്റ്ററിന് യു.എസിൽനിന്ന് രണ്ട് തടിയൻ പിള്ളേരുമായി വന്ന് റീന പള്ളിനടയിൽവെച്ച് "ഹായ് റോയിച്ചാ സുഖമല്ലേ...?" എന്നു ചോദിച്ച രംഗമോർക്കുകയായിരുന്നു അയാൾ. ഇതിനിടയിൽ ദോ ഇപ്പോ മലയിറങ്ങി തോട്ടിലൂടെ ഹുങ്കാരശബ്ദത്തോടെ കുത്തിയൊലിച്ചുപോകുന്ന കലക്കവെള്ളംപോലെ പത്തിരുപത് വർഷങ്ങളങ്ങ് ഒലിച്ചുപോയെങ്കിലും മഡോണയുടെ മുടിയും നുണക്കവിളുമൊക്കെ റീനയിൽ ബാക്കിയുണ്ടല്ലോയെന്ന ചിന്ത ഒരു മഴ നനവോടെ റോയിച്ചനെ വന്നു തൊട്ടു. "ഓ എന്നാത്തിനാ ഇതൊക്കെ ഇപ്പോ ഇങ്ങനെയോർക്കുന്നത് റോയിച്ചാ" എന്ന് ചോദിക്കുന്നതെന്ന മട്ടിൽ മഴനനഞ്ഞൊരു കില്ലപട്ടി കാറിനുമുന്നിലൂടെ ക്രോസ്ചെയ്ത് കയ്യാല ചാടിയിറങ്ങി തോട്ടത്തിലൂടെ ഓടിപ്പോയി. റബറിലകളെ വിറപ്പിച്ച് ശിർർ എന്നു വിളിച്ച് "ഇനിയെങ്കിലും ഒരു പെണ്ണുകെട്ടാൻ നോക്ക് റോയിച്ചാ" എന്നു പറഞ്ഞ കാറ്റ് പടുമരങ്ങളിൽ കുസൃതികാട്ടി തെക്കൻമലയിലേക്ക് പാഞ്ഞു.

മാരുതി കാർ തോട്ടത്തിലൂടെ പായുന്ന തോട്ടുവക്കത്തെത്തിയപ്പോ "വെള്ളിച്ചില്ലും വിതറി തുള്ളി തുള്ളി ഒഴുകും" എന്ന പാട്ട് റോയിച്ചൻെറ ഓർമകൾക്ക് അകമ്പടിയായെത്തി. തോടിനക്കരെ ഒരു വലിയ വരിക്കപ്ലാവുണ്ട്. ശർക്കരച്ചക്കയാണ് പ്ലാവിലേത്. കുമുകുമാന്ന് മണമടിക്കും പഴുത്തുകഴിഞ്ഞാൽ. മാങ്ങയുടെയും ചക്കയുടെയും സമയം കഴിഞ്ഞെങ്കിലും മഴവെള്ളം കുടിച്ച് വീർത്ത രണ്ടുമൂന്ന് ചക്കകൾ പ്ലാവിൽ തൂങ്ങിക്കിടക്കുന്നതും നോക്കി റോയിച്ചൻ കുറച്ചുനേരം കാറിലിരുന്നു. പഴുത്ത ചക്കയെക്കുറിച്ചോർത്തപ്പോൾ റോയിച്ചൻെറ മനസ്സ് സന്തോഷംകൊണ്ട് എൺപതുകളിലെ പഴയൊരോർമയെ റിലീസാക്കി. അന്ന് കോളജിൽനിന്ന് സ്ട്രൈക്ക് കഴിഞ്ഞ് വരുന്നവഴിയാണ് ഇതേ പ്ലാവിനടുത്തെത്തിയപ്പോ ചക്ക മണമടിച്ചതും ചക്കഹൽവ തിന്നണമെന്ന് റോയിച്ചന് പൂതിതോന്നിയതും. ഒന്നുംനോക്കാതെ പ്ലാവിൽ വലിഞ്ഞുകയറിയതും താഴെവീണതും കൈ ഒടിഞ്ഞ് സായിപ്പിൻെറ ആശുപത്രിയിലായതും പള്ളിയിൽ നിന്ന് നിലംപരിശായ ചക്കക്കള്ളനെ കാണാൻ വന്നവരുടെ കൂട്ടത്തിൽ റീന വന്നതും അന്നവൾ നടി നദിയമൊയ്തുവിനെപ്പോലെ തോന്നിച്ചിരുന്നെന്നും റോയിച്ചനോർത്തെടുത്തു. ആരോടൊക്കെയോയുള്ള വാശിക്കെന്നപോലെ പാഞ്ഞുപോകുന്ന തോട്ടിലേക്കൊന്ന് കാറിത്തുപ്പി റോയിച്ചൻ കാർ മുന്നോട്ടെടുത്തു.

ചെറുതായി തുറന്നുകിടന്ന കാറിൻെറ ജാലകത്തിലൂടെ ഒരു കുസൃതി മഴത്തുള്ളി തുള്ളിത്തുളുമ്പി റോയിച്ചൻെറ ഇരുളും വെളിച്ചവും പോലെ സമൃദ്ധിയായി കിടക്കുന്ന നരകവിൾക്കുഴിയിൽ വീഴവെ കാർസ്റ്റീരിയോ "മിഴിയോരം നനഞ്ഞൊഴുകി..." എന്ന അടുത്ത ട്രാക്കിലേക്ക് കയറിയിരുന്നു. പാട്ടിലേക്ക് ശ്രദ്ധവീണ റോയിച്ചൻ "മഞ്ഞിൽ വിരിഞ്ഞ പൂവേ... പറയൂ നീ ഇളംപൂവേ" എന്ന വരി ഏറെ വിഷാദഭാവത്തോടെ, ഏറെ അലിഞ്ഞ് പള്ളികവയറിൽ റീനയുടെ അടുത്തു നിന്ന് ഗായകൻ മാർക്കോസിനെപ്പോലെ ജുബ്ബയിട്ട് എൺപതുകളിലെ ആ ക്രിസ്മസ്കാലത്ത് പാടിയപോലെ പാടി. വെള്ളിവീണ് പാട്ടൊന്ന് ഇടറി. നടൻ ശങ്കർ ആ പാട്ട്സീനിൽ പൂർണിമ ജയറാമിന് പിന്നിൽ നടക്കുന്ന സ്റ്റൈലിൽ ഊട്ടിയിലെ ഒരു പള്ളിവക വിനോദസഞ്ചാരയാത്രയിൽ റീനയുടെ പിന്നിലൂടെ ഷാളൊക്കെ ചുറ്റിനടന്നത് അയാൾക്കോർമ വന്നു.

"ഒരു മധുരക്കിനാവിൻ ലഹരിയിലെങ്ങോ കുടമുല്ല പൂവിരിഞ്ഞു..." റബർതോട്ടം കടന്ന് വോളിബാൾ കോർട്ടും സ്കൂളും പള്ളിയുമൊക്കെയുള്ള കവലയിലേക്ക് കാറെത്തവെ കാറിലെ പുതിയ പാട്ടിൽ റോയിച്ചൻ റഹ്മാനെപ്പോലെ മുടിവളർത്തിയിരുന്ന ഡ്രംസ് ജോയെയോർത്തു. കോളജിലെ ഹീറോയായിരുന്നു ജോ. റഹ്മാനെപ്പോലെ സുന്ദരൻ. പെൺകുട്ടികളുടെ ഹീറോ. ജോയുടെ മധുരക്കിനാവ് ബാൻഡ് ഭയങ്കര രസമായിരുന്നു. ബാൻഡൊക്കെയുണ്ടാക്കാൻ മുൻകൈയെടുത്തത് അവനായിരുന്നു. മൈക്കിൾ ജാക്സൻെറയും ബോണി എമ്മിൻെറയുമൊക്കെ പോസ്റ്ററൊട്ടിച്ച അവൻെറ മുറിയിൽ രാവുകളെ പകലുകളാക്കിയിട്ടുണ്ട് പാട്ടും മേളവുമൊക്കെയായി. ഇപ്പോൾ കാനഡയിൽ ഒരു മദാമ്മയെയും കെട്ടി സുഖമായി ജീവിക്കുന്നു. ഇടക്ക് മെസഞ്ചറിൽ വന്ന് റോയിച്ചന് മെസേജയക്കും. പാട്ടൊക്കെ പാടും. ഡ്രംസ് കൈകൊണ്ട് തൊടാറില്ല. അവിടെയൊരു സൂപ്പർ മാർക്കറ്റിലാണ് ജോലി. നാട്ടിലോട്ട് അങ്ങനെയൊന്നും വരാറില്ല.

റബർതോട്ടത്തെ പിന്നിലാക്കി കമുകും വയലും നിൽക്കുന്ന റോഡിനു നടുവിലായി ഇറക്കമിറങ്ങി വന്ന കാറിനെ സൈഡിലാക്കി റോയിച്ചൻ. ഒരു കെ.എസ്.ആർ.ടി.സി ബസ് മഴവെള്ളം തെറിപ്പിച്ച് ഇരമ്പിപ്പോയതോടെ നിശ്ശൂന്യമായ പാതയിൽ തനിച്ചായ റോയിച്ചൻ തൻെറ പഴയ യെസ്ഡിയെക്കുറിച്ചോർത്തുപോയി. ബോണി എമ്മിൻെറ ഡാഡികൂളും റാസ്പുട്ടിനുമൊക്കെ കേട്ട് ഇതുപോലൊരു മഴയത്ത് കൂട്ടുകാരന്മാരായ ആഷ്‌ലിക്കും ജോക്കുമൊപ്പം വന്ന് ഇവിടെ വന്ന് ഡാൻസ് ചെയ്തതോർത്തപ്പോൾ റോയിച്ചനൊരു ചിരി വന്നു. രോമാഞ്ചം വന്നു. അതൊക്കെയായിരുന്നു കാലം. ബോണി എമ്മിനെപ്പോലെ തുറന്നിട്ട ഷർട്ടും ചുരുളൻമുടിയുമായി കോളജ്ഡേക്ക് പാടിത്തകർത്തപ്പോൾ എന്തൊരാവേശമായിരുന്നു.


റോയിച്ചൻെറ ഈ ഓർമകൾക്കിടയിൽ കാർപാട്ട് രണ്ട് പാട്ട് ചാടി "ആയിരം കണ്ണുമായി കാത്തിരുന്നു നിന്നെ ഞാൻ..." എന്ന ട്രാക്കിലെത്തി. റോയിച്ചൻ പെട്ടെന്ന് അമ്മച്ചിയെക്കുറിച്ചോർത്തു. റോയിച്ചനും അമ്മച്ചിയും മാത്രമാണ് വീട്ടിൽ. ആലീസ് പെങ്ങളുടെ കുട്ടികൾ വരുമ്പോൾ മാത്രമാണ് അമ്മച്ചിയെ ചിരിച്ചുകാണുന്നത്. അല്ലെങ്കിൽ നിശ്ശബ്ദരായ രണ്ടു കഥാപാത്രങ്ങളെപ്പോലെ വീട്ടിൽ ഇരുവരും. ചിലപ്പോൾ ജാലകവിരിയിൽ വന്നുതൊടുന്ന കാറ്റിൻെറ മന്ത്രണംപോലും കേൾക്കാം. പക്ഷേ, എല്ലാവരും ഉപേക്ഷിച്ചുപോയാലും അമ്മച്ചിയെന്നും കൂടെക്കാണും.

നദിയ മൊയ്തുവിനു പകരം ആ പാട്ട്സീനിൽ പെട്ടുപോയതു താനാണെന്ന് റോയിച്ചനെന്നും തോന്നും. കുട്ടിക്കാലത്തെ റോയിച്ചൻെറ ബനിയനും നിക്കറും അമ്മച്ചി അലമാരയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നത് കണ്ട് ഒരിക്കൽ റോയിച്ചൻ ഞെട്ടിപ്പോയിട്ടുണ്ട്.

"മഞ്ഞു വീണതറിഞ്ഞില്ല...
വെയിൽ വന്നുപോയതറിഞ്ഞില്ല..."

മൃദുവായി പാട്ടിനൊപ്പം പാടി ദേ ഈ മഴയത്ത് പാതയോരത്തൂടെ അങ്ങനെ കാറോടിച്ച് പോകുന്നുണ്ട് റോയിച്ചൻ.

●




ചിത്രീകരണം: അരുൺ

# വസ്തുതകളെ കണ്ടുമുട്ടുന്ന ചരിത്രരചന

പ്രഫ. ഓമാനൂർ മുഹമ്മദ്

ചരിത്ര പണ്ഡിതനും ഗവേഷകനുമായ ഡോ. കെ.ടി. ജലീൽ ഇന്ന് കേരളത്തിൻെറ തദ്ദേശ സ്വയംഭരണ, ന്യൂനപക്ഷ ക്ഷേമ, ഹജ്ജ്, വഖ്ഫ് മന്ത്രിയാണ്. കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ ചരിത്ര നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും അദ്ദേഹം സമയം കണ്ടെത്തുന്നുവെന്നത് ശ്ലാഘനീയമാണ്.

ചിന്ത പബ്ലിക്കേഷൻസ് തിരുവനന്തപുരം പ്രസിദ്ധീകരിച്ച 'മലബാർ കലാപം - ഒരു പുനർവായന' എന്ന അദ്ദേഹത്തിൻെറ കൃതി 1921ലെ മാപ്പിളലഹള എന്ന് ബ്രിട്ടീഷുകാർ വിളിച്ചുവരുന്ന മലബാർ സമരത്തെ വസ്തുനിഷ്ഠമായി അപഗ്രഥിച്ച് സമരത്തിൻെറ സാമൂഹികവും സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ വശങ്ങളെ കഴിയുന്നത്ര നിഷ്പക്ഷമായി പുനർ വായനക്ക് വിധേയമാക്കാനുള്ള ഒരു ചരിത്രാന്വേഷകൻെറ ആത്മാർഥമായ ശ്രമമായി വിലയിരുത്താവുന്നതാണ്. 'മുഖക്കുറിപ്പിൽ' ഗ്രന്ഥകാരൻ തന്നെ അത് സൂചിപ്പിക്കുന്നുണ്ട്.

ബ്രിട്ടീഷ് ഇന്ത്യയിലെ ഏറനാട്, വള്ളുവനാട് താലൂക്കുകൾ മലബാറിൻെറ ഭാഗമായിരുന്നു. മലബാറിലെ മുസ്‌ലിംകളെയാണ് മാപ്പിളമാർ എന്ന് വിളിക്കുന്നത്. മുസ്‌ലിംകളുടെ ധീരതയും സത്യസന്ധതയും കണക്കിലെടുത്ത് സാമൂതിരി രാജാവ് നൽകിയ പേരാണത് എന്നാണ് കരുതപ്പെടുന്നത്. മഹാപിള്ള എന്ന വാക്ക് ലോപിച്ച് മാപ്പിളയായി പരിണമിച്ചു എന്നാണ് അനുമാനം.

പൊതുവെ പറഞ്ഞാൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ മറ്റു സമുദായങ്ങളെക്കാൾ ഏറെ വെറുത്തിരുന്നതും അതിനെതിരെ ശക്തമായ ചെറുത്തുനിൽപിന് മുതിർന്നവരും ഇന്ത്യയിലെ മുസ്‌ലിംകളായിരുന്നു. ബ്രിട്ടീഷ് എഴുത്തുകാരനായ ഇ.എം. ഫോസ്റ്റർ അദ്ദേഹത്തിൻെറ 'എ പാസേജ് ടു ഇന്ത്യ' നോവലിൽ ഇക്കാര്യം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ബ്രിട്ടീഷുകാരെ ഇവിടെനിന്ന് കെട്ടുകെട്ടിക്കാൻ മലബാറിലെ മുസ്‌ലിംകൾ നടത്തിയ ധീരോദാത്തമായ സമരമാണ് 1921ലെ മലബാർ കലാപം. ബ്രിട്ടീഷുകാർ 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ 'സപ്പോയ് മൂട്ടിണി' എന്നാണല്ലോ വിളിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം 1921ലെ സമരം മാപ്പിളലഹളയാണ്. യഥാർഥത്തിൽ അത് മാപ്പിളമാർ ബ്രിട്ടീഷ് ഭരണത്തിനെതിരെ നടത്തിയ സ്വാതന്ത്ര്യ സമരമാണ്. അതുകൊണ്ടുതന്നെ പുസ്തകത്തിൻെറ പേര് 'മലബാർ സമരം' എന്നാക്കുന്നതാണ് ഉചിതമെന്ന് തോന്നുന്നു. മലബാർ സമരം ചില ചരിത്രകാരന്മാർ തെറ്റിദ്ധരിച്ച പോലെ മുസ്‌ലിംകൾ ഹിന്ദുക്കൾക്കെതിരെ നടത്തിയ ഒരു വർഗീയ കലാപമായിരുന്നില്ല. ഈ വസ്തുത തെളിവുകൾ നിരത്തി തെളിയിക്കുന്നതിൽ ഡോ. ജലീൽ വിജയിച്ചിട്ടുണ്ട്. അതോടൊപ്പം അതൊരു കാർഷിക സമരം കൂടിയായിരുന്നുവെന്ന കാഴ്ചപ്പാടും അദ്ദേഹം മുന്നോട്ടുവെക്കുന്നുണ്ട്. ജന്മിമാരിൽ മഹാഭൂരിപക്ഷവും ഹിന്ദു ബ്രാഹ്മണന്മാരായിരുന്നു. അവർക്കു കീഴിൽ കുടിയാന്മാരായ മുസ്‌ലിംകൾ കടുത്ത അവഗണനകൾക്കും പീഡനങ്ങൾക്കും വിധേയമായിരുന്നത് കലാപം ജന്മിമാർക്കെതിരെ തിരിയാൻ ഇടയായി എന്ന സത്യത്തിലേക്ക് ഗ്രന്ഥകർത്താവ് വിരൽചൂണ്ടുന്നുണ്ട്.

മലബാർ കലാപത്തെ അതിൻെറ പശ്ചാത്തലവും കർമ മണ്ഡലവും പ്രവർത്തന രീതിയും വിവരിച്ചുകൊണ്ട് ലഹളക്ക് തൊട്ടുപിന്നാലെ ആരും ചരിത്രരേഖകളൊന്നും പുറത്തിറക്കിയതായി കാണുന്നില്ല. മഹാകവി കുമാരനാശാൻ 1922ൽ രചിച്ച 'ദുരവസ്ഥ'യാണ് മലബാർ കലാപത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ആദ്യ മലയാള കൃതി. ഹിന്ദു മതത്തിലെ ജാതീയ ഉച്ചനീചത്വങ്ങളെയും വർണ വിവേചനത്തെയും അപരിഷ്കൃതങ്ങളായ ആരാധനാമുറകൾ പരിഷ്കരിക്കേണ്ടതിനെയും കുറിച്ചൊക്കെയാണ് 'ദുരവസ്ഥ' മുഖ്യമായും പ്രതിപാദിക്കുന്നതെങ്കിലും 1921ലെ മലബാർ കലാപത്തെയും കുമാരനാശാൻ തൻെറ കവിതയിൽ വിവരിക്കുന്നുണ്ട്. മുസ്‌ലിംകൾ ഹിന്ദുക്കൾക്കെതിരെ നടത്തിയ ഒരു വർഗീയ ലഹളയായിട്ടുതന്നെയാണ് കവി മലബാർ ലഹളയെ കാണുന്നത്. ഹിന്ദുക്കളെ മുഴുവൻ കൊന്നൊടുക്കി മലബാറിനെ ഒരു മാപ്പിള നാടായി മാറ്റാനാണ് 'അപരിഷ്കൃതരും ക്രൂരരും ദുഷ്ടരുമായ മുഹമ്മദീയർ' മെനക്കെട്ടതെന്നാണ് കവി തൻെറ ഭാവനയിലൂടെ സമർഥിക്കാൻ ശ്രമിക്കുന്നത്. താടി നീട്ടിയവരും തൊപ്പിയിട്ടവരും കണ്ടാൽ പേടിപ്പെടുത്തുന്ന ശരീരപ്രകൃതിയുള്ളവരുമായിട്ടാണ് കവി മാപ്പിളമാരെ ചിത്രീകരിക്കുന്നത്. വിദ്യാവിഹീനരും അറപ്പുള്ള ഭാഷ സംസാരിക്കുന്നവരും രാക്ഷസീയ സ്വഭാവമുള്ളവരുമായിരുന്നു കവിയുടെ ദൃഷ്ടിയിൽ മാപ്പിളമാർ. ലഹളക്കാലത്ത് ദുഷ്ടരായ മുഹമ്മദീയർ ഹിന്ദുക്കളെ നിർബന്ധിച്ച് മതം മാറ്റിയതായും സ്ത്രീകളെ ബലാത്സംഗം ചെയ്തതായും കവി ചിത്രീകരിക്കുന്നുണ്ട്. മാപ്പിളമാരെ കവി ക്രൂരർ, ദുഷ്ടർ, മൂർഖർ, രാക്ഷസർ തുടങ്ങിയ പദങ്ങൾ കൊണ്ടാണ് വിശേഷിപ്പിക്കുന്നത്. കവി തിരുവിതാംകൂർകാരനാണ്. ഇന്നത്തെപോലെ വാർത്തവിനിമയ സൗകര്യങ്ങളൊന്നും 1921ൽ ഉണ്ടായിരുന്നില്ല. കേട്ടുകേൾവിയുടെയും ഊഹാപോഹങ്ങളുടെയും അടിസ്ഥാനത്തിൽ കവി ചിത്രീകരിച്ച മാപ്പിളമാരുടെ ചിത്രം മലയാളി മനസ്സിൽ ഉണ്ടാക്കിയ വെറുപ്പിൻെറ കാർമേഘങ്ങളെ മായിച്ചുകളയാൻ ഡോ. ജലീലിൻെറ 'പുനർവായന' പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം. 1958ൽ പുറത്തിറങ്ങിയ ഉറൂബിൻെറ 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവൽ മലബാറിലെ ഖിലാഫത് പ്രസ്ഥാനത്തെയും 1921ലെ മലബാർ സമരത്തെയും പ്രതിപാദിക്കുന്നുണ്ട്. പക്ഷേ, ഈ നോവലും മലബാർ സമരത്തെ മാപ്പിളമാർ ഹൈന്ദവർക്ക് നേരെ നടത്തിയ വർഗീയ കലാപമായിട്ടു തന്നെയാണ് അവതരിപ്പിക്കുന്നത്. പി. വത്സലയുടെ 'വിലാപം' എന്ന നോവലിലും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ജലീൽ ഇത്തരം ഭാവന സൃഷ്ടികൾക്ക് സമുചിതമായ മറുപടി നൽകുന്നുണ്ട്. മലബാർ കലാപത്തിലെ മുഖ്യ നായകന്മാർ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്‌ലിയാരുമായിരുന്നു. ഇവരെ സംബന്ധിച്ച് കൃത്യമായ ഒരു ചരിത്ര പഠനം നടത്താതെ കഥകളും കെട്ടുകഥകളും കൊണ്ട് അവരെ ആവരണം ചെയ്യാനാണ് മലബാർ കലാപത്തെക്കുറിച്ച് എഴുതിയ പലരും ശ്രമിച്ചിട്ടുള്ളത്. ശരിക്കും ഇരുവരും കോൺഗ്രസുകാരായിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി അവർ നാടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചുവെന്നതാണ് വാസ്തവം. ഈ വസ്തുത ശരിക്കും വ്യക്തമാക്കുന്നതാണ് ഡോ. ജലീലിൻെറ ഇവരെക്കുറിച്ചുള്ള വിവരണം. ആലി മുസ്‌ലിയാരെ വിപ്ലവകാരിയായ ഒരു മതപണ്ഡിതൻ എന്ന നിലക്കാണ് അദ്ദേഹം വീക്ഷിക്കുന്നത്. പള്ളികൾ കേന്ദ്രീകരിച്ചുള്ള ഖിലാഫത് പ്രക്ഷോഭങ്ങളാണ് മലബാർ കലാപത്തിനുള്ള ആശയപരമായ അടിത്തറ ഒരുക്കിയതെന്നാണ് ജലീലിൻെറ നിഗമനം. ആലി മുസ്‌ലിയാരെ സംബന്ധിച്ച് ഹിച്ച്കോക്കിൻെറ അഭിപ്രായം അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. "മതത്തോട് അമിതമായ താൽപര്യം പ്രകടിപ്പിച്ചിരുന്ന ആലി മുസ്‌ലിയാർ കേരളത്തിൽ ഇസ്‌ലാമിക ഭരണം (ഖിലാഫത് ഭരണം) സ്ഥാപിക്കപ്പെടുമെന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു. ഈ വിശ്വാസമാണ് മലബാർ ലഹളക്ക് ഊർജം പകർന്നതെന്നാണ് ബ്രിട്ടീഷ് ഭാഷ്യം. അവർ ലഹളയെ വർഗീയവത്കരിച്ചു കാണിക്കാനാണ് ഇതുവഴി ശ്രമിക്കുന്നത്. എന്നാൽ, ബ്രിട്ടീഷ് പാരതന്ത്ര്യത്തിൽനിന്ന് നാടിനെ മോചിപ്പിക്കുക എന്നതായിരുന്നു ആലി മുസ്‌ലിയാരുടെയും വാരിയൻകുന്നത്തിൻെറയും ലക്ഷ്യമെന്ന് നിരവധി ഉദാഹരണങ്ങളിലൂടെ സ്ഥാപിക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ ഇരുവരും തികഞ്ഞ മതേതര വീക്ഷണമുള്ള സമര നായകരായിരുന്നു. ലഹളക്കിടയിൽ ഹിന്ദുക്കളോട്, പ്രത്യേകിച്ച് ഹിന്ദു ജന്മിമാരോട് ചില മാപ്പിളപ്പോരാളികൾ കാണിച്ച അതിക്രമങ്ങളെ ഇരുവരും ശക്തമായ ഭാഷയിൽ അപലപിച്ചിരുന്നു. എന്നാൽ, അവരുടെ ബ്രിട്ടീഷ് വിരോധം അതി കഠിനമായിരുന്നു. 'ദേശസ്നേഹിയായ പോരാളി' എന്ന മൂന്നാം അധ്യായത്തിൽ ജലീൽ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്: "മാപ്പിളമാർക്ക് പൊതുവിലും, കുഞ്ഞഹമ്മദാജിക്ക് പ്രത്യേകിച്ചും യൂറോപ്യന്മാരായ ഉദ്യോഗസ്ഥന്മാരോടുള്ള ശത്രുത വളരെ വ്യക്തമായിരുന്നു. കണ്ടുമുട്ടുന്ന ഒറ്റ വെള്ളക്കാരനെയും കലാപകാരികൾ വെറുതെ വിട്ടിരുന്നില്ല... കാളികാവിലുള്ള ഒരു റബർ എസ്റ്റേറ്റിൻെറ മാനേജർ ആയിരുന്ന എസ്.പി ഈറ്റൺ എന്നയാളെ ജനക്കൂട്ടം അക്രമിക്കുകയും അയാളെ കശാപ്പു ചെയ്ത ശേഷം തല അറുത്തെടുത്ത് പൊതു നിരത്തിൽ വെക്കുകയും ചെയ്തു.

അയാളെ കൊലപ്പെടുത്തിയത് സ്വന്തം തൊഴിലാളികൾ തന്നെയായിരുന്നു. എന്നാൽ, സായിപ്പിനോടൊപ്പം ഉണ്ടായിരുന്ന രാമൻ നായർ എന്നയാളെ ജനക്കൂട്ടം വെറുതെവിട്ടു. ലഹള ഹിന്ദുക്കൾക്കെതിരെയായിരുന്നില്ലെന്ന് സംഭവം വ്യക്തമാക്കുന്നു. (പേജ് 89). വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി 1921 ആഗസ്റ്റ് 21ന് ബ്രിട്ടീഷുകാരുമായുള്ള നേരിട്ട് ഏറ്റുമുട്ടലിന് ആഹ്വാനം ചെയ്തുകൊണ്ട് സമരത്തിൻെറ നായകത്വം ഏറ്റെടുത്തപ്പോൾ മുസ്‌ലിംകൾ മാത്രമല്ല ഇതര സമുദായക്കാരും അദ്ദേഹത്തിൻെറ പിന്നിൽ അണിനിരന്നുവെന്ന് തെളിവ് സഹിതം ഗ്രന്ഥകാരൻ എഴുതുന്നുണ്ട്. (പേജ് 90). ഹാജിയുടെ മതേതര മനസ്സ് തുറന്നുകാണിച്ചുകൊണ്ട് ഗ്രന്ഥം പറയുന്നു, "മുസ്‌ലിംകൾക്ക് അനുകൂലമായി മാത്രം ഒരിക്കലും പക്ഷം പിടിച്ചിട്ടില്ലാത്ത ഹാജി സർക്കാർ അനുകൂലികളായ ധാരാളം മുസ്‌ലിംകളെ വധിക്കാൻ ആഹ്വാനം ചെയ്തിരുന്നു. പുറം (90).

ലഹളക്കെതിരായി പരസ്യമായ നിലപാട് സ്വീകരിച്ചിരുന്ന പത്രമായിരുന്നു കേരള പത്രിക. ഏറനാട്, വള്ളുവനാട് പ്രദേശത്തിൻെറ ഭരണം സ്വയം പ്രഖ്യാപിച്ച ഹാജി എല്ലാ ഹിന്ദുക്കൾക്കും സുരക്ഷ ഉറപ്പു നൽകുമെന്ന് പ്രഖ്യാപിച്ചതായി പത്രം റിപ്പോർട്ട് ചെയ്തിരുന്നു. മലബാർ കലാപം ഒരിക്കലും ഹിന്ദുക്കൾക്കെതിരായിരുന്നില്ലെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

നാലാം അധ്യായം ആലി മുസ്‌ലിയാരെക്കുറിച്ചാണ്. ആലി മുസ്‌ലിയാരും അനുയായികളും ഖാദി വസ്ത്രധാരികളായിരുന്നുവെന്ന വസ്തുത വിരൽ ചൂണ്ടുന്നത് അവർ കോൺഗ്രസുകാരായിരുന്നുവെന്നതാണ്. ബ്രിട്ടീഷ് ഭരണത്തെ അട്ടിമറിക്കാൻ ശ്രമിച്ചുവെന്ന കുറ്റത്തിനാണ് 1922 ഫെബ്രുവരി 17ന് കോയമ്പത്തൂർ ജയിലിൽ വെച്ച് ആലി മുസ്‌ലിയാർ തൂക്കിക്കൊല്ലപ്പെട്ടത്.

അഞ്ചാം അധ്യായത്തിൽ കലാപത്തിൻെറ കാരണങ്ങളാണ് വിലയിരുത്തുന്നത്. മാപ്പിളമാരുടെ സാമ്പത്തികമായ അരക്ഷിതാവസ്ഥ, ബ്രിട്ടീഷ് വിരോധം തുടങ്ങി പല കാരണങ്ങളും ഗ്രന്ഥം ചൂണ്ടിക്കാണിക്കുന്നുണ്ട്. ലഹള സാമ്രാജ്യത്വ വിരുദ്ധവും ജന്മിത്വ വിരുദ്ധവുമായിരുന്നുവെന്ന ഇ.എം.എസിൻെറ വീക്ഷണം ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നുണ്ട്.

ആറാം അധ്യായത്തിൽ സമരത്തോട് കോൺഗ്രസ് സ്വീകരിച്ച നിലപാടിനെ അപലപിക്കുകയും പിൽക്കാല കമ്യൂണിസ്റ്റ് നിലപാടുകളെ പ്രശംസിക്കുകയും ചെയ്യുന്നുണ്ട്. ഗ്രന്ഥകാരൻെറ കമ്യൂണിസ്റ്റ് ചായ്‌വ് പ്രകടമാക്കുന്നതാണ് ആറാം അധ്യായത്തിലെ മിക്ക പരാമർശങ്ങളും ഉദ്ധരണികളും.

ഏതായാലും ഒരു ജനതയുടെ സാമ്രാജ്യത്വ വിരുദ്ധ മനോഭാവത്തെയും അതുവഴി അവർ സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകളെയും നിറംപിടിപ്പിച്ച നുണക്കഥകൾ കൊണ്ട് വികൃതമാക്കാൻ ചരിത്രകാരന്മാരുടെ പക്ഷത്തുനിന്നുതന്നെയുള്ള കുത്സിത ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മലബാർ സമരത്തെ അതിൻെറ യഥാർഥ പശ്ചാത്തലം വിവരിച്ചുകൊണ്ട് കഴിയുന്നത്ര സത്യസന്ധമായി പുനർവായന നടത്താൻ ഈ കൃതിയിലൂടെ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്.

സമകാലിക മനസ്സുകളിൽ വർഗീയ വിഷം കുത്തിവെച്ചുകൊണ്ട് വെറുപ്പിൻെറയും വിദ്വേഷത്തിൻെറയും കോട്ടകൾ പണിയാൻ തൽപര കക്ഷികൾ പണിപ്പെടുന്ന ആധുനിക ചുറ്റുപാടിൽ ജലീലിൻെറ 'പുനർവായന' പ്രശംസയർഹിക്കുന്നു. ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്ന കേരള മുഖ്യമന്ത്രി പിണറായി വിജയൻെറ അവതാരിക പ്രൗഢവും ചിന്തോദ്ദീപകവുമാണ്.

●



**മലബാർ കലാപം- ഒരു പുനർവായന**
ഡോ. കെ.ടി. ജലീൽ
ചിന്ത പബ്ലിഷേഴ്സ്
പേജ്: 216, വില: 200

വായന

പുസ്തകം



**എൻെറ ഗ്രാമകഥകൾ**
എം. മുകുന്ദൻ
പേജ്: 178, വില: 170.00
ഒലിവ് ബുക്സ്

അസാധാരണമായ ആഖ്യാനത്തിൽനിന്നും പാറിവീഴുന്ന അനിർവചനീയ സൗന്ദര്യമുള്ള ഗ്രാമീണചിത്രങ്ങൾ.



**ജീവിതത്തിലേക്ക് ചേർത്തുതുന്നിയ മുവായിരം തുന്നലുകൾ**
സുധാമൂർത്തി
വിവ: ഷബിത എം.കെ.
പേജ്: 160 വില: 150
ഡി.സി ബുക്സ്

സാധാരണ ജീവിതത്തിലെ അസാധാരണ കാഴ്ചകൾ. വായനക്കാരെ ആത്മവിശകലനത്തിന് പ്രേരിപ്പിക്കുന്ന അനുഭവങ്ങൾ.



**സൗന്ദര്യത്തിൻെറ മതം**
ഡോ. ജമീൽ അഹ്മദ്
പേജ്: 78, വില: 80.00
ഐ.പി.എച്ച്

ഇസ്‌ലാമിൻെറ സൗന്ദര്യഭാവങ്ങളെ മലയാള ഭാവനയുടെ സൂക്ഷ്മപ്രകാശത്തിലൂടെ വായിച്ചെടുക്കാനുള്ള ശ്രമം. മലയാളത്തിലെ മതസാഹിത്യ ശ്രേണിയിലെ വേറിട്ട രചന.




**കുന്നോളമുണ്ടല്ലോ ഭൂതകാലക്കുളിർ**
ദീപാനിശാന്ത്
പേജ്: 152, വില: 150.00
ഡി.സി. ബുക്സ്

അനുഭവമെഴുത്തിലെ വ്യത്യസ്തമായ രീതി അവലംബിച്ച പുസ്തകം. ചുരുങ്ങിയ കാലയളവിൽ കൂടുതൽ വായനക്കാരിലെത്തിയ പുസ്തകം.




**ടാഗോറിൻെറ നോവെല്ലകൾ**
രബീന്ദ്രനാഥ് ടാഗോർ
വിവ: രാജൻ തുവ്വാര
പേജ്: 140, വില: 150.00
അടയാളം

സ്ത്രീപുരുഷ ബന്ധങ്ങളുടെ അവാച്യ സൗന്ദര്യം വെളിവാക്കുന്ന രണ്ട് നോവെല്ലകൾ. സ്ത്രീ മനസ്സിൻെറ നിഗൂഢ സൗന്ദര്യം ആവിഷ്കരിക്കുന്ന രചനാവിസ്മയം.




**ദക്ഷിണം**
സച്ചിദാനന്ദൻ
പേജ്: 138, വില: 140.00
ഒലിവ് ബുക്സ്

ചരിത്രം, സംസ്കാരം, രാഷ്ട്രീയം, കവിത എന്നിവയെല്ലാം ചേർത്തണച്ച് ശ്രീലങ്കയിലും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലുമായി നടന്ന വിശ്വസാഹിത്യ മേളകളിലൂടെ ഒരു യാത്ര.



**ഒരാട്ടിൻപറ്റവും രണ്ടവകാശികളും**
സമ്പാദകൻ: അബ്ദുൽ മജീദ് വേളം
പേജ്: 38 വില: 50.00
ഐ.പി.എച്ച്

കുട്ടികളിൽ നന്മനിറക്കുന്ന കുട്ടിക്കഥകളുടെ സമാഹാരം. സ്വയം കണ്ടെത്തേണ്ട ചില ചോദ്യങ്ങളിലൂടെയാണ് ഇതിലെ കഥകൾ സംസാരിക്കുന്നത്.



**ലേബർ ക്യാമ്പ്**
അബ്ദുല്ല പേരാമ്പ്ര
പേജ്: 96, വില:95.00
മഴത്തുള്ളി പബ്ലിക്കേഷൻ

ലേബർ ക്യാമ്പിലെ അനുഭവങ്ങളും യാതനപൂർണമായ ജീവിതവും വികാരതീവ്രതയോടെ അവതരിപ്പിക്കുന്നു ലേഖകൻ.

